വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

പിറവിക്കാലം ഒന്നാം ഞായർ

2021
ഡിസംബർ 26



# വീട്ടുവിചാരങ്ങൾ; ചില വീണ്ടുവിചാരങ്ങളും

മത്താ. 2.13-14, 19-23, കൊളോ. 3.18-21

പലരാലും പരിത്യക്തനായ ആ ചെറുപ്പക്കാരൻ പല വീടുകൾക്കു മുമ്പിലും മുട്ടിവിളിച്ചു. തുറന്നില്ല. ശീതക്കാറ്റേറ്റു തണുത്ത് അവശനായി കുഴഞ്ഞുവീഴുമ്പോൾ അയാൾ ഉറക്കെ നിലവിളിച്ചു. നിലവിളി കേട്ടതു ചെറിയൊരു കുടിലിലെ വിധവയായ സ്ത്രീയും മകളും. അവർ ഓടിയെത്തി അയാളെ എടുത്തു കുടിലിലെത്തിച്ചു. ദേഹത്തെ മഞ്ഞുപാളികൾ അടർത്തിമാറ്റി, നീലിച്ച ചുണ്ടുകളിലേക്കു ചൂടുള്ള സൂപ്പ് പകർന്നു നൽകി.

ഞാൻ എവിടെയാണ്? അയാൾ ചോദിച്ചു. ദരിദ്രയായ ഒരമ്മയുടെയും മകളുടെയും വീട്ടിലാണ്.

അയാൾ ആ അമ്മയുടെ കരങ്ങളിൽ ആദരവോടെ സ്പർശിച്ചു പറഞ്ഞു:

ഇതു വീടല്ല, ദേവാലയമാണ്. അടച്ചിട്ട വീടുകളിൽ ദൈവമില്ല. തുറന്നിട്ട വീടുകൾ ദേവാലയങ്ങളാണ്...
(ഖലിൽ ജിബ്രാൻ)

വീടുകൾ ദേവാലയങ്ങളാകുന്നതിന്റെയും കുടുംബങ്ങൾ തിരുക്കുടുംബങ്ങളാകുന്നതിന്റെയും സുവിശേഷ വഴികളിലൂടെയാണു പിറവിക്കാലത്തെ ഒന്നാം ഞായറിലെ വചനസഞ്ചാരം. തിരുപ്പിറവിയുടെ ഊഷ്മളരാവു പകർന്ന ധന്യതയിൽ നിന്ന് ആഘോഷപ്പകലും കടന്ന് തിരുക്കുടുംബവിചാരങ്ങളിലേക്ക്. കാലിത്തൊഴുത്തിൽ തിരുപ്പിറവിക്കു പിന്നാലെ, ശിശുവിനെയും അമ്മയും കൂടെക്കൂട്ടി ആ അപ്പൻ പലായന വഴികളിലേക്കിറങ്ങിയപ്പോൾ അതു തിരുക്കുടുംബത്തിന്റെ കന്നിയാത്രയായി. ദൈവേഷ്ടമറിഞ്ഞുള്ള പാലായനത്തിലൂടെ, മടക്കത്തിലൂടെ കരുത്താർജിച്ചൊരു കുടുംബനിർമിതി. ക്രിസ്മസിന്റെ ലാവണ്യം പൂർണമാകുന്നതു തിരുക്കുടുംബത്തിന്റെ നിറവിലാണല്ലോ.

## കൊലവിളി, നിലവിളി

രണ്ടു കുടുംബങ്ങളിലെ രണ്ടു പെൺമക്കൾക്കു വീതം തങ്ങളുടെ പിതാക്കന്മാരെ നഷ്ടമാക്കിയ ക്രൂരമായ കൊലപാതകങ്ങളുടെ വാർത്ത കേട്ടാണു ഇക്കുറി ക്രിസ്മസ് വാരം പിറന്നത്. ആലപ്പുഴ മണ്ണഞ്ചേരിയിൽ 38 കാരൻ ഷാൻ നടുറോഡിൽ കൊല ചെയ്യപ്പെട്ടപ്പോൾ, അതിനു തുടർച്ചയെന്നോണം ഏതാനും മണിക്കൂറുകൾ പിന്നിട്ടപ്പോൾ, വെള്ളക്കിണറിൽ രൺജിത്ത് എന്ന 45 കാരനെ വെട്ടിനുറുക്കിയത് അമ്മയുടെയും ഭാര്യയുടെയും മുന്നിൽ!. കൊലവിളി രാഷ്ട്രീയത്തിനും വൈരത്തിനുമപ്പുറം, നാഥനൊടുങ്ങിയ കുടുംബങ്ങളുടെ നിലവിളി ആലപ്പുഴയ്ക്കപ്പുറത്തിപ്പോഴും



സിജോ പൈനാടത്ത്

മുഴങ്ങുന്നുണ്ട്. ചോര ചിന്തിത്തീർന്നതു രണ്ടുപേരല്ല, രണ്ടു കുടുംബങ്ങൾ! എത്രയോ കാലം ആ കുടുംബങ്ങൾക്കു തണലായി ജീവിക്കേണ്ടവർ...

'അഛനു പകരം
ജ്ഞാനം പോരല്ലൊ,
കൊല്ലപ്പെട്ടവന്റെ
മക്കൾക്ക്!' (കെ.ജി. ശങ്കരപ്പിള്ള)

## പലായനം, മടക്കം

യേശുവിന്റെ ജനനശേഷം ആ കുടുംബത്തിന്റെ ഈജിപ്തിലേക്കുള്ള പലായനത്തിലും ഇസ്രായേലിലേക്കുള്ള മടക്കത്തിലും നിഴലിക്കുന്ന പുണ്യങ്ങൾ തിരുക്കുടുംബത്തിന്റെ അടിസ്ഥാന ശിലകളാണ്. ജോസഫിനു ദൈവസ്വരം തിരിച്ചറിയാനായെന്നതു തന്നെയാണ് ആ പുണ്യങ്ങളുടെ കാതൽ. ദൈവഹിതം അറിഞ്ഞാൽ, അതനുസരിക്കാൻ സന്നദ്ധരായാൽ, തുടർസഞ്ചാരങ്ങളിൽ ദൈവം തന്നെ സംരക്ഷണമാകുമെന്നതിനു തിരുക്കുടുംബം സാക്ഷ്യം.

ദൈവഹിതത്തിനും അനുസരണത്തിനും പുതിയ അർഥങ്ങളും വ്യാഖ്യാനങ്ങളും നിർമിക്കപ്പെടുന്ന കാലത്താണു തിരുക്കുടുംബത്തിലെ ദൈവോന്മുഖമായ അനുസരണവും പരസ്പര വിധേയത്വവും അതനുസരിച്ചുള്ള പുറപ്പാടുകളും വെല്ലുവിളിയാകുന്നത്. ദൈവഹിതത്തെയും അനുസരണത്തെയും എന്റെ ഇഛയ്ക്കൊത്തു വളച്ചൊടിച്ചു വ്യാഖ്യാനിക്കാനും, അതു ദൈവത്തിന്റെ തന്നെ അക്കൗണ്ടിൽപ്പെടുത്തി നവസ്വാതന്ത്ര്യഭാഷ്യം ചമയ്ക്കാനും ഇന്നു വലിയ ബുദ്ധിമുട്ടില്ലാതായിരിക്കുന്നു. അനുസരണക്കേടിലാണു പുതിയ കാലത്തെ അനുസരണത്തിന്റെ ആത്മാവെന്നു കൂടി ഇന്നു സ്വതന്ത്രാഖ്യാനമുണ്ട്!

തിരുക്കുടുംബത്തിലെ അനുസരണ മാതൃകയിൽ നിന്നു പുതിയ കാലത്തിന്റെ അനുസരണഭാഷ്യങ്ങളിലേക്കെത്തുമ്പോൾ വല്ലാത്ത പൊരുത്തക്കേടുണ്ടോ?

## കൂട്ട്, കരുതൽ

ഹെറോദേസിന്റെ വാൾമുനയിൽ നിന്നു കുഞ്ഞിനെ രക്ഷിക്കുകയാണു തിരുക്കുടുംബപലായനത്തിലെ നിയോഗം. ജോസഫ് ഭാര്യയെയും കുഞ്ഞിനെയും കൂടെ കൂട്ടി ആ രാത്രി തന്നെ ഈജിപ്തിലേക്കു പുറപ്പെട്ടു. ഈജിപ്തിൽ നിന്നു ഇസ്രായേലിലേക്കുള്ള മടക്കത്തിലും ഈ കൂടെ കൂട്ടൽ സുവിശേഷകൻ ആവർത്തിക്കുന്നു.

പരസ്പരം കരുതലുള്ള, പരസ്പരം ആശ്വസിപ്പിക്കുന്ന, പരസ്പരം പ്രചോദിപ്പിക്കുന്ന ആത്മീയതയാണു കുടുംബത്തിന്റെ ആത്മീയതയെന്നു ഫ്രാൻസിസ് പാപ്പ.

ചുറ്റുമുള്ളവരെ പരസ്പരം കൂടെ ചേർത്തു നിറുത്താനുള്ള നിയോഗം കുടുംബ ങ്ങൾക്കുണ്ട്. നമ്മുടെ യാത്രകളൊന്നും ഒറ്റയ്ക്കല്ല, കൂട്ടും കരുതലുമായി ഉറ്റവരുണ്ട്. അവരെ കൂടെ ചേർത്തു നിർത്തുകയാണ്, അവരോടു ചേർന്നു നടക്കുകയാണ് പ്രധാനം.കൂടെ കൂട്ടുമ്പോൾ, കൂട്ടിരിക്കുമ്പോൾ തിരുക്കുടുംബം.

പുൽക്കൂടിനു സമാനമായ കൂരയിൽ മാതാവ് ഉറങ്ങുമ്പോൾ, ഉണ്ണീശോയ്ക്കു കൂട്ടും കരുതലുമാകുന്ന യൗസേപ്പിതാവിന്റെ ചിത്രം ഈ ക്രിസ്മസ് നാളിലൊന്നിൽ ഒരു സുഹൃത്ത് ഫേസ്ബുക്കിൽ പങ്കുവച്ച തോർക്കുന്നു. എത്ര ഹൃദ്യമാണ് ആ ചിത്രം.

'എല്ലാം മറന്നൊന്നുറങ്ങിയ യാമങ്ങൾ
എന്നേയ്ക്കുമായസ്തമിച്ചുപോയ്'

എന്ന കവിവിലാപത്തെ ആ കാഴ്ച തിരുത്തിയെഴുതുന്നുമുണ്ട്. കൂട്ടും കരുതലുമായി കൂടപ്പിറപ്പുകളുണർന്നിരിക്കുമ്പോൾ നമ്മുടെ അമ്മമാർ സുഖമായുറങ്ങട്ടെ.

## ഭാര്യ, ഭർത്താവ്

പ്രണയത്തിലെ ആനന്ദമാണു കുടുംബം എന്നു ഫ്രാൻസിസ് പാപ്പ കുറിച്ചിട്ടുണ്ട്. 'രണ്ടു പേർ പ്രണയത്തിലാവുകയും കുടുബം രൂപപ്പെടുത്താൻ തീരുമാനി ക്കുകയും ചെയ്യുമ്പോൾ, അവർ ദൈവ ത്തിന്റെ സ്വപ്നത്തിൽ പങ്കുചേരുന്നു.' ദൈവ ത്തിന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരമാണു ഭൂമിയിലെ കുടുംബങ്ങൾ.

പൗലോസ് ശ്ലീഹാ കുടുംബാംഗങ്ങളെ സവിശേഷമായി അഭിസംബോധന ചെയ്യുന്നതാണ് തിരുക്കുടുംബ ഞായറിലെ ലേഖന ഭാഗം. ഭാര്യമാരോടും ഭർത്താക്കന്മാരോടും കുട്ടികളോടും അപ്പന്മാരോടും പ്രത്യേകമായുള്ള അപ്പസ്തോല ഉപദേശങ്ങൾ. ഭാര്യമാരോടു വിധേയത്വവും, ഭർത്താക്കന്മാരോടു സ്നേഹവും കുട്ടികളോടു അനുസരണയും ശീലിക്കാൻ വചനം ഓർമിപ്പിക്കുന്നു. നല്ല കുടുംബങ്ങളുടെ, തിരുക്കുടുംബങ്ങളുടെ നിർമിതി എങ്ങനെയാവണമെന്നതിലേക്കാണ് പൗലോസ് ശ്ലീഹാ വിരൽചൂണ്ടുന്നത്.

## കുടുംബം, സഭ

ക്രൈസ്തവ കുടുംബം മാതാപിതാക്കളും മക്കളും ചേർന്നു വ്യക്തികളുടെ കൂട്ടായ്മയാണ്. പരിശുദ്ധാത്മാവിൽ പിതാവിന്റെയും പുത്രന്റെയും സംസർഗത്തിന്റെ അടയാളവും ഛായയുമാണ്. (സിസിസി- 2205).

ഗാർഹിക സഭയെന്നു കുടുംബത്തെ വിളിച്ചതു രണ്ടാം വത്തിക്കാൻ കൗൺസിലാണ്. കുടുംബങ്ങളിലാണു സഭയുടെ വർത്തമാനവും ഭാവിയും. കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള സന്ധ്യാപ്രാർഥനയും അത്താഴവിരുന്നുമെല്ലാം ക്രൈസ്തവ കുടുംബങ്ങളുടെ അഴകും അടയാളവുമാണ്. കുടുംബാംഗങ്ങൾക്കിടയിലെ അഭിപ്രായവ്യത്യാസങ്ങളും അസ്വസ്ഥതകളും ആ പ്രാർഥനാനിമിഷങ്ങളിലും അത്താഴമേശയുടെ ഹൃദ്യതയിലും അലിഞ്ഞില്ലാതാവുന്നു.

'ഒരുമിച്ചു പ്രാർഥിക്കുന്ന കുടുംബം ഒരുമിച്ചു നിലനിൽക്കുന്നു' എന്ന വചനവെളിച്ചമാണു നമ്മുടെ സന്ധ്യാപ്രാർഥനകളെ സജീവമാക്കുന്നത്. നമ്മുടെ കുടുംബ ങ്ങളിലെ പ്രാർഥനയുടെയും പങ്കുവയ്ക്ക ലിന്റെയും അനുഭവങ്ങൾ ജീവിതത്തിലെ സങ്കീർണ സാഹചര്യങ്ങളെ അതിജീവിക്കാൻ കരുത്തു നൽകുന്നതാണ്. ആകാശമോക്ഷ ത്തിന്റെ ഛായയാണു കുടുംബമെന്നു പറഞ്ഞ ചാവറയച്ചനെയും ഓർക്കാം.

ഉപഭോഗസംസ്കാരമെന്ന മരണസംസ്കാരം ആധുനിക വീട്ടകങ്ങളെയും കൈപ്പിടിയിലാക്കുമ്പോൾ, അനുരഞ്ജനത്തിന്റെയും ആത്മീയനിറവിന്റെയും ദേവാലയങ്ങളായി നമ്മുടെ കുടുംബങ്ങളെ മാറ്റേണ്ടതുണ്ട്. സാമൂഹിക സാഹചര്യങ്ങളിൽ തെറ്റുകളിലേക്കു വഴുതിവീഴാനുള്ള സാധ്യതകളെ ശ്രേഷ്ഠമായ കുടുംബാരൂപിയിലുള്ള പങ്കുവയ്ക്കലുകളിലൂടെ അതിജീവിക്കാൻ സാധിക്കും.

## വിരാമം, വിചാരം

'വീട്ടിൽ അമ്മ തനിച്ചാണ്. എനിക്ക് ഇന്നു തന്നെ മടങ്ങണം.'

കേരളപ്പിറവി ദിനത്തിൽ കൊച്ചിയിലെ ദേശീയപാതയിലുണ്ടായ വാഹനാപകടത്തിൽ മരിച്ച യുവതികളിലൊരാൾ, ദുരന്തത്തിനു മുമ്പു സുഹൃത്തുക്കളോടു പറഞ്ഞതാണിത്.

വീട്ടുവിചാരങ്ങളും വീണ്ടുവിചാരങ്ങളും വെളിച്ചം പകരട്ടെ. ആമ്മേൻ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com